# ദി മീനച്ചിൽ ഈസ്റ്റ് അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക് ക്ലിപ്തം നമ്പർ 4266
രജി: ആഫീസ്: പൂഞ്ഞാർ

## <u>സ്ഥാവര വസ്തു ലേല വ്യവസ്ഥകൾ</u>

ലേല സ്ഥലം:- **ഹെഡ്ഡാഫീസ്, മീനച്ചിൽ ഈസ്റ്റ് അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക് പൂഞ്ഞാർ.**

***ലേല തീയതി: 30.09.2026*** ***ലേല സമയം: 2.30 P.M***

1. നിലവിൽ കാണപ്പെടുന്ന രൂപത്തിലും ആയിരിക്കുന്ന അവസ്ഥയിലും വസ്തുവകകൾ വില്പനയ്ക്ക് വച്ചിരിക്കുന്നതും വസ്തുവകകളിന്മേൽ ഉണ്ടായേക്കാവുന്ന നിയമപരമായ ബാദ്ധ്യതകൾക്കോ മറ്റ് ബാദ്ധ്യതകൾക്കോ വസ്തുവില്പന നടപടികൾ പൂർത്തിയാക്കുന്നതിന് ബാങ്കിന്റേതല്ലാതെ എന്തെങ്കിലും കാലതാമസം ഉണ്ടായാൽ ആയതിന് ബാങ്കിന് യാതൊരു ഉത്തരവാദിത്വവും ബാദ്ധ്യതയും ഉണ്ടായിരിക്കുന്നതല്ല
2. വസ്തു വകകളെ സംബന്ധിക്കുന്ന ആധാരം, ബാദ്ധ്യതകൾ, വിസ്തൃതി, എലുക മുതലായവ പരിശോധിക്കേണ്ടത് ദർഘാസുകാരന്റെ ചുമതല ആയിരിക്കും. ആധാരത്തിൽ ഉടമസ്ഥതയെ സംബന്ധിച്ച് പിശകുകളോ, വിസ്തൃതിയിൽ വ്യത്യാസമോ കാണപ്പെടുന്നതായാൽ ആയതിന് ബാങ്ക് ഉത്തരവാദിയായിരിക്കുന്നതല്ല.
3. സംവരണവിലയിൽ കുറഞ്ഞ ദർഘാസുകൾ പരിഗണിക്കുന്നതല്ല.
4. നിരതദ്രവ്യം ***"മീനച്ചിൽ ഈസ്റ്റ് അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക്*** " - എന്ന പേരിൽ ***പൂഞ്ഞാർ തെക്കേക്കര*** - ൽ മാറാവുന്ന വിധം D.D ആയി ദർഘാസിനോടൊപ്പം സീൽ ചെയ്ത കവറിൽ മേൽ പറഞ്ഞ സമയത്തിനകമായി ആതറൈസ്ഡ് ആഫീസർ സമക്ഷം സമർപ്പിക്കേണ്ടതാണ്.
5. ദർഘാസ് കവറിനു പുറത്ത് " TENDER FOR PURCHASE OF PROPERTY OF NAME OF LOANEE . . . . . . . . . . . . . . . . ." ***(വായ്പക്കാരന്റെ പേര് എഴുതി)*** എന്നെഴുതി ഒട്ടിച്ച് സീൽ ചെയ്ത കവറിൽ **Authorized Officer**, **The Meenachil East Urban Co-operative Bank Ltd, Head Office, Poonjar Thekkekara P.O, Kottayam District** എന്ന വിലാസത്തിൽ ***മേൽപറഞ്ഞ തീയതിയിൽ ഉച്ചകഴിഞ്ഞ് 1.30 P.M -ന്*** മുമ്പായി ലഭിക്കേണ്ടതാണ്.
6. ദർഘാസുകൾ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മേൽ പറഞ്ഞ തീയതിയിലും സമയത്തും ലേല സ്ഥലത്ത് സന്നിഹിതരായിരിക്കുന്ന ദർഘാസുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതായിരിക്കും.
7. ദർഘാസുകൾ തുറന്നതിനുശേഷം കൂടുതൽ വില ലഭിക്കുന്നതിനായി സന്നിഹിതരായ ലേലാർത്ഥികൾക്ക് തുക കൂട്ടി ലേലം വിളിക്കുവാനുള്ള അവസരം നൽകാനുള്ള അധികാരം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് ഉണ്ടായിരിക്കുന്നതാണ്.
8. ബാങ്കിന്റെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് വില്പന നടപടികൾ ഏതുസമയത്തും റദ്ദാക്കുന്നതിനും യാതൊരു കാരണവും ബോധിപ്പിക്കാതെ എല്ലാം അല്ലെങ്കിൽ ഏതെങ്കിലും ദർഘാസുകൾ നിരസിക്കുന്നതിനുള്ള അവകാശം ഉണ്ടായിരിക്കും.
9. വിജയിയായ ദർഘാസുകാരന്റെ നിരതദ്രവ്യം ഒഴികെ ബാക്കിയുള്ള ദർഘാസുകാരുടെ നിരതദ്രവ്യം അപ്പോൾത്തന്നെ തിരികെ അതാതു ദർഘാസുകാരന് നൽകുന്നതാണ്.
10. വിജയിയായ ദർഘാസുകാരൻ വില്പന വിലയുടെ 25% (നിരതദ്രവ്യം ഉൾപ്പെടെ) അപ്പോൾത്തന്നെയും ബാക്കി തുക അന്നേയ്ക്ക് 15 ദിവസത്തിനകവും അടയ്ക്കേണ്ടതാണ്. വില്പന വിലയുടെ 25% അപ്പോൾത്തന്നെയും അതിന്റെ ബാക്കി മുഴുവൻതുകയും നിശ്ചിത സമയത്തിനുള്ളിലും അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയാൽ ലേലം അസ്ഥിരപ്പെടുത്തുന്നതും നിരതദ്രവ്യം ഉൾപ്പെടെ അടച്ചതുക ബാങ്കിലേയ്ക്ക് മുതൽകൂട്ടുന്നതുമാണ്.
11. ആതറൈസ്ഡ് ആഫീസർ ഉറപ്പിക്കുന്ന ദർഘാസ് / ലേലം ബാങ്കിന്റെ സ്ഥിരപ്പെടുത്തലിന് വിധേയമായിരിക്കും. ഏതെങ്കിലും കാരണവശാൽ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ വില്പന നടപടികൾ റദ്ദു ചെയ്യുകയോ ദർഘാസ് / ലേലം ബാങ്ക് സ്ഥിരീകരിക്കാതിരിക്കുകയോ ചെയ്യുന്ന പക്ഷം വിജയിച്ച ദർഘാസുകാരന് ടിയാൻ അടച്ചതുക പലിശയോ മറ്റ് നഷ്ടപരിഹാരമോ ഇല്ലാതെ തിരികെ നൽകുന്നതായിരിക്കും.
12. മേൽപറഞ്ഞ മുഴുവൻ തുകയും അടയ്ക്കുകയും ബാങ്ക് സ്ഥിരപ്പെടുത്തുകയും ചെയ്യുന്നമുറയ്ക്ക് ആതറൈസ്ഡ് ആഫീസർ ടി ആക്ടിന്റെ ചട്ടപ്രകാരമുള്ള സെയിൽ സർട്ടിഫിക്കറ്റ് വിജയിയായ ദർഘാസുകാരൻ പേരിൽ നൽകുന്നതാണ്.

13. വില്പന സംബന്ധമായ മുദ്രവില, രജിസ്ട്രേഷൻ ചാർജുകൾ, മറ്റ് ചിലവുകൾ / നികുതികൾ എന്നിവ വിജയിയായ ദർഘാസുകാരൻ വഹിക്കേണ്ടതാണ്.
14. വില്പനയ്ക്ക് വച്ചിരിക്കുന്ന ഭൂമിയുമായി ബന്ധപ്പെട്ട് ഗവൺമെന്റിന്റേയോ മറ്റാരുടേയെങ്കിലുമോ ഏന്തെങ്കിലും ചാർജുകൾക്കോ, ഈടുകൾക്കോ, ബാദ്ധ്യതകൾക്കോ, ഭൂനികുതികൾക്കോ ബാങ്കിന്റെ ആതറൈസ്ഡ് ആഫീസർക്കോ ബാങ്കിനോ ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതല്ല.
15. ഭൂമി വാങ്ങുന്നയാൾ ഭൂമിയുമായി ബന്ധപ്പെട്ട നിലവിലുള്ളതോ മുൻപുണ്ടായിരുന്നതോ ആയ നികുതികൾ, വൈദ്യുതി, വെള്ളം, സീവേജ് ചാർജ്ജുകൾ മുതലായവ നൽകാൻ ബാദ്ധ്യസ്ഥനായിരിക്കും.
16. ഭൂമി വാങ്ങുന്നയാൾക്ക് വൈദ്യുതി, വെള്ളം, സീവേജ് കണക്ഷനുകൾ മറ്റേതെങ്കിലും കണക്ഷനുകൾ സ്വന്തം പേരിലേയ്ക്ക് മാറ്റുന്നത് ഭൂമി വാങ്ങുന്ന ആളിന്റെ സ്വന്തം ചിലവിലും ഉത്തരവാദിത്വത്തിലുമായിരിക്കുന്നതാണ്.
17. ***മുകളിൽ പറഞ്ഞിരിക്കുന്ന വായ്പയിലെ വായ്പക്കാരൻ / ജാമ്യക്കാരൻ ബാങ്കിലേയ്ക്ക് അടയ്ക്കുവാനുള്ള കടം അടച്ചുതീർക്കാത്ത പക്ഷം ഈ നോട്ടീസ്, ടി വസ്തുവകകളുടെ വില്പന മുകളിൽ പറഞ്ഞിരിക്കുന്ന സ്ഥലത്തും സമയത്തും നടത്തുന്നതായിരിക്കും എന്നത് സംബന്ധിച്ച് അവർക്കുള്ള അറിയിപ്പുകൂടി ആയിരിക്കുന്നതാണ്.***
18. ദർഘാസിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർക്ക് വസ്തു സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ അറിയുവാൻ നേരിട്ടോ, ടെലിഫോണിലോ മേൽപറഞ്ഞ വിലാസത്തിൽ ബന്ധപ്പെടാവുന്നതാണ്.
19. ദർഘാസുകൾ തുറക്കുന്നതിന് നിശ്ചയിച്ചിരിക്കുന്ന ദിവസം പൊതുഅവധിയോ പ്രവർത്തിദിനം അല്ലാതാവുകയോ ചെയ്താൽ ദർഘാസുകൾ തൊട്ടടുത്ത പ്രവർത്തിദിനം മേൽപറഞ്ഞ സ്ഥലത്തും സമയത്തും തുറക്കുന്നതായിരിക്കും.
20. ദർഘാസിനുള്ള അപേക്ഷാഫാറങ്ങൾ പ്രവർത്തിദിനങ്ങളിൽ (9.30 am to 4.30 pm) സൗജന്യമായും ഈ ആഫീസിൽ നിന്നും / ബാങ്കിന്റെ വെബ്സൈറ്റ് : www.meucb.bank.in - ലും ലഭ്യമാണ്.

(ഒപ്പ്)
ആതറൈസ്ഡ് ആഫീസർ,
മീനച്ചിൽ ഈസ്റ്റ് അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക് ക്ലിപ്തം,
പൂഞ്ഞാർ തെക്കേക്കര പി.ഒ,

സ്ഥലം : പൂഞ്ഞാർ
തീയതി : 27.08.2026